സർക്കാർ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ എത്രയും വേഗം തീരുമാനം കൈക്കൊള്ളാമെന്നും തീരുമാനിച്ചു.

(ഡി, ഇ) 27-4-2004-ലെ ചർച്ചയെ തുടർന്ന് 11-1-2005-ൽ ചേർന്ന കേരഫെഡ് ഡയറക്ടർ ബോർഡ് യോഗം മേൽപ്പറഞ്ഞ മൊത്തം ജീവനക്കാരെ മൂന്ന് ഘട്ടമായി സ്ഥിരപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഒന്നാം ഘട്ടമായി 35 പേരെ ഗവൺമെൻറിന്റെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുവാൻ തീരുമാനിക്കുകയുണ്ടായി. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചു വരുന്നു.

കേരള ലാൻറ് ഡവലപ്മെൻറ് കോർപ്പറേഷനിൽ എംപ്ലോയ്മെൻറ് നിയമനം

139 [2129] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള കേരള ലാൻറ് ഡവലപ്മെൻറ് കോർപ്പറേഷനിൽ ഓവർസിയർ, ഡ്രൈവർ, പ്യൂൺ, കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാർ ഇപ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഇവരെ പിരിച്ചുവിട്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴത്തെ പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ ഒരു ഓവർസീയറേയും, 5 ഡ്രൈവർമാരേയും 2 ലാസ്കർ/ഹെൽപ്പർമാരെയും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതികൾ

140 [2130] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ആർ. ഐ. ഡി. എഫ്. VII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതികൾ ഏതൊക്കെയെന്നും എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ;

(ബി) ഒരോന്നിനും അനുവദിച്ച തുക എത്ര;

(സി) ഇവയിൽ ഏതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു; ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതം എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡീ) വയനാട് ജില്ലയിലെ പടിഞ്ഞാറേത്തറ പഞ്ചായത്തിലെ പേരാൽ പ്രദേശം ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) എപ്പോഴാണ് ഈ പ്രവൃത്തിയുടെ പണി ആരംഭിച്ചതെന്നും എപ്പോൾ പൂർത്തിയായി എന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(എഫ്) ഈ പ്രവൃത്തി കരാർ അടിസ്ഥാനത്തിലാണോ ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണോ നടത്തിയത് എന്ന് വിശദമാക്കുമോ;

(ജി) ടെണ്ടർ ചെയ്തതാണെങ്കിൽ ആരായിരുന്നു കോൺട്രാക്ടർ എന്നും ഗുണഭോക്തൃ കമ്മിറ്റിയാണെങ്കിൽ കൺവീനർ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എച്ച്) ഈ പ്രവൃത്തിയെ സംബന്ധിച്ച് എതെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ഐ) എങ്കിൽ പരാതി സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ മണ്ണ് സംരക്ഷണ വിഭാഗം നബാർഡിന്റെ സഹായത്തോടെ ആർ. ഐ. ഡി. എഫ്. VII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ താഴെ കൊടുക്കുന്നു:

1. പുതുശ്ശേരി
2. നരിക്കുണ്ട്
3. വട്ടപ്പാറ
4. കല്ലൂർക്കുന്ന്
5. പേരാൽകുളിക്കടവ്
6. പൂരിൻജി

പദ്ധതി പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക്, പഞ്ചായത്ത് പ്രദേശങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി) ഒരോന്നിനും അനുവദിച്ച തുക താഴെ കൊടുക്കുന്നു:

	(രൂപ ലക്ഷത്തിൽ)
പുതുശ്ശേരി	37.9
നരിക്കുണ്ട് ..	40.66
വട്ടപ്പാറ ..	64.66
കല്ലൂർക്കുന്ന് ..	58.08
പേരാൽകുളിക്കടവ് ..	52.97
പൂരിൻജി ..	59.93
ആകെ ..	314.20

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

പൂർത്തീകരിച്ച പദ്ധതി	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
1. പുതുശ്ശേരി	37.85
2. വട്ടപ്പാറ	64.64
3. പേരാൽകുളിക്കടവ്	52.395
4. പൂരിൻജി	59.88

(ഡി) ഉണ്ട്.

(ഇ) പേരാൽ കുളിക്കടവ് പദ്ധതി 7-9-2002-ൽ ആരംഭിച്ച് 31-3-2004-ന് പൂർത്തീകരിച്ചു. ഈ പദ്ധതിയിൻ കീഴിൽ 52,39566 രൂപ (അൻപത്തി രണ്ടു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അഞ്ഞൂററി അറുപത്താറു രൂപ) ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നടപ്പിലാക്കിയത്.

(ജി) പേരാൽ കുളിക്കടവ് പദ്ധതിയുടെ കൺവീനർ ശ്രീ. സി. കെ. ഇബ്രാഹീം, ചെള്ളിയോട്ടുമ്മേൽ ഹൗസ്, പടിഞ്ഞാറെത്തറ, തരിയോട് നോർത്ത് എന്നയാളായിരുന്നു.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഐ) പരാതി സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്.

മിൽമ ഏജൻറുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ നടപടി

141 [2131] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമയുടെ വിവിധ ഡയറികളിലായി പ്രതിദിനം ഇപ്പോൾ എത്ര ലിറ്റർ പാൽ വിൽപ്പന നടത്തുന്നു എന്നു വ്യക്തമാക്കുമോ;

(ബി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) മിൽമയുടെ പാൽ വിതരണം നടത്തുന്നതിന് എത്ര ഏജൻസികൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏജൻറുമാർക്ക് ഇന്നു നൽകുന്ന കമ്മീഷനും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) തുച്ഛമായ കമ്മീഷൻ നൽകുന്നതിനാൽ പല ഏജൻറുമാരും മിൽമയിൽ നിന്നു വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഏജൻറുമാരുടെ കമ്മീഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly